# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 59** **26.09.2011 മറുപടിക്ക്**

## പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം**

**ശ്രീ. റ്റി.യു. കുരുവിള**
**ശ്രീ. മോൻസ് ജോസഫ്**

**ഉത്തരം**

**ബഹു. മുഖ്യമന്ത്രി**
**ശ്രീ. ഉമ്മൻ ചാണ്ടി**

| | | |
|---|---|---|
| (എ.) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, ഈ സമിതി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് ടി വിഷയത്തിൽ അഭിപ്രായ സമന്വയത്തിനായുള്ള പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തു കഴിഞ്ഞു. മറ്റ് രാഷ്ട്രീയ സംഘടനകളും, യുവജന വിദ്യാർത്ഥി സംഘടനകളും, മറ്റുമായുള്ള തുടർ ചർച്ചകളും അനന്തര നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുത്തിട്ടില്ല. |
| (ബി.) | പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പി.എസ്സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച് നിയമന രംഗത്തെ തടസ്സങ്ങൾ ഇല്ലാതാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | 2012 മാർച്ച് 31-ാം തീയതിക്കുള്ളിൽ കാലാവധി അവസാനിക്കുന്ന നിലവിലുള്ള എല്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 2012 മാർച്ച് 31 വരെ ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി.യോട് ശുപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 25.08.2011 ലെ എ5(2) 4182/02/ഗ.വി. നം. വിജ്ഞാപന പ്രകാരം 22.08.2011 ൽ നിലവിലുള്ളതും 30.12.2011 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി 31.12.2011 വരെ പി.എസ്.സി. ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് നിലപാട് വ്യക്തമാക്കാമോ ? | പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതുകൊണ്ട് സർക്കാരിന് പരിചയ സമ്പന്നതയുള്ള ഉദ്യോഗസ്ഥരുടെ സേവനം തുടർന്നും ലഭിക്കുന്നതാണ്. കൂടാതെ വിരമിക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടിവരുന്ന പെൻഷൻ ആനുകൂല്യങ്ങൾ ഉടനടി നൽകേണ്ടിവരുന്നില്ല. ടി തുക സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ